**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 517** **13-01-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വ്യവസായ സൗഹൃദമായി മാറ്റുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ .സി .ബാലകൃഷ്ണൻ** | | **Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി)** | |
| (എ) | കേന്ദ്ര മന്ത്രാലയം 2019ലെ നിക്ഷേപ സൗഹൃദ സംസ്ഥാന പട്ടിക പുറത്ത് വിട്ടപ്പോൾ, 2018ൽ 21-ാം സ്ഥാനത്ത് ആയിരുന്ന സംസ്ഥാനം 28-ാം സ്ഥാനത്തേക്ക് പിൻതള്ളപ്പെട്ടത് സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (എ) | ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ വ്യവസായ നിക്ഷേപ സാധ്യത കണക്കാക്കുന്നതിനുള്ള അളവുകോലാണ് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് എന്ന സൂചിക. Business Reform Action Plan (BRAP) സംവിധാനം വഴി കേന്ദ്ര ഗവൺമെന്റിന്റെ ഡിപ്പാർട്ടുമെന്റ് ഓഫ് Promotion of Industrial and Internal Trade (DPIIT) രാജ്യത്തെ സംസ്ഥാനങ്ങളുടെ ഇക്കാര്യത്തിലുള്ള സ്ഥാനം നിർണ്ണയിക്കുന്നത്. സംരംഭം ആരംഭിക്കുന്നത്, കെട്ടിട നിർമ്മാണ അനുമതി, വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ, നികുതി ഒടുക്കൽ ഏകജാലക സംവിധാനം തുടങ്ങി ധാരാളം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ആക്ഷൻ പോയിൻറുകൾക്ക് ലഭിക്കുന്ന മാർക്കുകൾക്ക് അനുസൃതമായിട്ടാണ് ഓരോ സംസ്ഥാനത്തിന്റെയും സ്ഥാനം DPIIT നിർണ്ണയിക്കുന്നത്. 2019 ലെ ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ അനുസരിച്ച് ഓരോ സംസ്ഥാനത്തിനും 187 ദൗത്യങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിൽ 157 ദൗത്യങ്ങൾ കേരളം പൂർത്തിയാക്കിയിട്ടുണ്ട്, ഇത് നിർബന്ധിത ദൗത്യത്തിന്റെ 85 ശതമാനം വരും. ഇതിനായി കഴിഞ്ഞ നാല് വർഷമായി, നിർദ്ദേശിച്ച പരിഷ്ക്കാരങ്ങൾ രൂപീകരിക്കുന്നതിലും നടപ്പാക്കുന്നതിലും കേരളം സ്ഥിരവും ആസൂത്രിതവുമായ പുരോഗതി കൈവരിച്ചിരുന്നു. ഇക്കാര്യത്തിൽ കേന്ദ്രം നിശ്ചയിച്ച ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ കേരളത്തിന്റെ റെക്കോർഡ് 2015-16ൽ ക്രമാനുഗതമായി 22.8 ശതമാനമായി ഉയർന്നു; 2016-17ൽ 26.9 ശതമാനം; 2017-18 ൽ 52.56 ശതമാനം; ഒപ്പം 2018-19 ൽ 85 ശതമാനവും. കൂടാതെ സംസ്ഥാനത്തെ വ്യവസായ സൗഹൃദപരമാക്കുന്നതിനായി സംസ്ഥാന സർക്കാർ ഈ കാലയളവിൽ നൂതനമായ നിരവധി നടപടികൾ |

| | | | |
|---|---|---|---|
| | | | ആവിഷ്കരിക്കുകയും. സുതാര്യമായും വേഗത്തിലും അനുമതികൾ ലഭിക്കുന്നതിനായി KSWIFT-ഉം, ഇൻവെസ്റ്റ് കേരള പോർട്ടൽ തുടങ്ങിയ പരിഷ്കാരങ്ങൾ നടത്തുകയും ഉണ്ടായി. ഇത്തരത്തിലുള്ള പരിഷ്കരണ പ്രവർത്തന പോയിൻറുകളേയും ബന്ധപ്പെട്ട സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നും ലഭിച്ച ഫീഡ്ബാക്ക് സ്കോറുകളെയും അടിസ്ഥാനമാക്കിയാണ് റാങ്കിംഗ് തീരുമാനിക്കുകയെന്ന് DPIIT നേരത്തെ വ്യക്തമാക്കിയിരുന്നു. എന്നാൽ സ്കോറിംഗിനും റാങ്കിംഗിനുമായി സ്വീകരിച്ച മാനദണ്ഡങ്ങളെക്കുറിച്ച് സർക്കാർ വിശദാംശങ്ങൾ ആരാഞ്ഞിരുന്നെങ്കിലും നാളിതുവരെ DPIITവിശദാംശങ്ങൾ പങ്കിട്ടിട്ടില്ല. |
| (ബി) | സംസ്ഥാനത്തെ വ്യവസായ സൗഹൃദമായി മാറ്റുന്നതിന് മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി വഴി ആനുകൂല്യം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ ആനുകൂല്യങ്ങളാണെന്ന് അറിയിക്കാമോ; | (ബി) | മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി വഴി ആനുകൂല്യം നല്കി വരുന്നുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി യുവ സംരംഭകർക്ക് പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനായി പരമാവധി 50ലക്ഷം രൂപ വരെയാണ് വായ്പ നൽകുന്നത്. സ്റ്റാർട്ടപ്പുകൾക്കും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്കും ഇതിന് അപേക്ഷിക്കാം. സ്റ്റാർട്ടപ്പുകൾക്ക് കേരളാ സ്റ്റാർട്ടപ്പ്, മിഷൻ രജിസ്ട്രേഷനും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക് ഉദ്യം രജിസ്ട്രേഷനും നിർബന്ധമാണ്. പദ്ധതി ചെലവിന്റെ പരമാവധി 90% വരെയാണ് വായ്പ നൽകുന്നത്. ഇതിന് സർക്കാർ സബ്സിഡിയായ 3% കുറച്ച് 7% പലിശ മാത്രമാണ് ഈടാക്കുന്നത്. നോർക്ക ശുപാർശയുമായി വരുന്ന പ്രവാസികൾക്ക് 22.50 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് 3% റിബേറ്റിന് ശേഷം 4% പലിശ മാത്രമേ ഈടാക്കുന്നുള്ളൂ. ഈ പദ്ധതിയിൽ പരമാവധി തിരിച്ചടവ് കാലാവധി 5 വർഷമാണ്. 18നും 50നും ഇടയിൽ പ്രായമുള്ള സ്ഥിരജോലിയില്ലാത്തവർക്കാണ് വായ്പാ യോഗ്യത. സ്ത്രീകൾക്കും പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കും 5 വർഷം പ്രായപരിധിയിൽ ഇളവുണ്ട്. പ്രവാസികൾക്ക് പ്രായപരിധിയിൽ 10 വർഷത്തെ ഇളവുണ്ട്. ഇതിൽ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ ക്രെഡിറ്റ് ഗ്യാരന്റി കവറേജിന്റെ പിന്തുണയോടെ ഈടുരഹിത വായ്പകളായാണ് നൽകുന്നത്. |
| (സി) | വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി വേഗത്തിലാക്കുന്നതിനായി കെ-സ്വിഫ്റ്റ് 2.0ന് തുടക്കം കുറിച്ചിട്ടുണ്ടോ; നേരത്തേ നടപ്പിലാക്കിയ സോഫ്റ്റ് വെയറിനെക്കാൾ ഇതിനുള്ള മേന്മ എന്താണെന്ന് വെളിപ്പെടുത്താമോ; | (സി) | സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുക, വ്യവസായ നിക്ഷേപം ആകർഷിക്കുക, വ്യവസായ വളർച്ചയിൽ മറ്റ് മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തിക്കുക എന്ന ലക്ഷ്യങ്ങളോടുകൂടി പുതിയ സംരംഭകർക്കായിട്ടാണ് |

| | | | |
|---|---|---|---|
| | | | വ്യവസായം ആരംഭിക്കുന്നതിന് ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11.02.2019 മുതൽ നിലവിൽ വരുത്തിയത്. പുതിയ വ്യവസായ സംരംഭകർക്ക് ഇതിലൂടെ 15 വകുപ്പുകൾ / ഏജൻസികളിൽ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കൂടാതെ 29.09.2020യിൽ ആരംഭിച്ച KSWIFT-Phase II ലൂടെ കൂടുതൽ വകുപ്പുകൾ ഉൾക്കൊള്ളിച്ചു കൊണ്ട് വ്യവസായ സംരംഭകർക്ക് ലൈസൻസുകൾ ലഭിക്കുവാനും നിലവിലുള്ള സംരംഭകർക്ക് ലൈസൻസ് പുതുക്കുവാനും സാധിക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ. കൂടാതെ സംസ്ഥാനത്ത് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും പുതിയ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ്, 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിജ്ഞാപനം പ്രകാരം റെഡ് കാറ്റഗറിയിൽ വരാത്തതുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം പദ്ധതികളേയും, സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില ലൈസൻസുകൾ, അനുമതികൾ, പെർമിറ്റുകൾ എന്നിവ നേടുന്നതിൽ നിന്നും ആദ്യത്തെ മൂന്ന് വർഷത്തേക്ക് ഒഴിവാക്കിക്കൊണ്ട് “2019 ലെ ദി കേരള മൈക്രോ, സ്മോൾ മീഡിയം എൻറർപ്രൈസസ് ഫെസിലിറ്റേഷൻ ആക്റ്റ് ” ലൂടെ സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി, KSWIFTലൂടെ ഒരു സ്വയം സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റു രസീത് ലഭ്യമാക്കാവുന്ന സൗകര്യം കൊണ്ടുവന്നത്. |
| (ഡി) | നിക്ഷേപ സംരംഭങ്ങൾക്ക് ഏഴ് ദിവസത്തിനകം അംഗീകാരം നൽകുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | വ്യവസായ സംരംഭങ്ങളാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയുടെ സൂചിക എന്ന് തിരിച്ചറിഞ്ഞു കൊണ്ടും സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടും കൂടാതെ സംസ്ഥാനത്ത് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും ഉദ്ദേശിച്ച് കൊണ്ടാണ് സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട ഇടത്തരം വിഭാഗത്തിൽപ്പെടാത്ത നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനും അതുമൂലം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, സംരംഭകർക്ക് ഇൻവസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോയിലൂടെ 7 ദിവസത്തിനുള്ളിൽ വ്യവസായിക |

| | | | |
|---|---|---|---|
| | | | ലൈസൻസ് ലഭ്യമാക്കുവാനുള്ള നടപടികൾ ആരംഭിച്ചത്. ഇതിനായി കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ പ്രോത്സാഹിപ്പിക്കൽ ആക്റ്റിൽ ഭേദഗതികൾ വരുത്തി ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ